## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1985 12.02.2013 ൽ മറുപടിയ്ക്ക്

### അന്തർ സംസ്ഥാന ജലകരാറുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) കാവേരിജലകരാർ പ്രകാരം ഓരോ വർഷവും സംസ്ഥാനത്ത് ലഭിക്കേണ്ട ജലം എത്ര;<br><br>(ബി) ലഭ്യമല്ലാത്ത ജലം ലഭ്യമാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (എ)<br>&<br>(ബി) | കാവേരി ബേസിനിലെ പദ്ധതികൾക്കായി കേരളം 99.8 ടി.എം.സി ജലം ആവശ്യപ്പെട്ടിരുന്നു. എങ്കിലും ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ 30 ടി.എം.സി ജലം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആവശ്യപ്പെട്ട അത്രയും ജലം ലഭിക്കാത്തതിനാൽ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും, ട്രൈബ്യൂണലിൽ ആപ്ലിക്കേഷനും 30.04.2007-ൽ കേരളം ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) കാവേരി ട്രിബ്യൂണൽ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം മറ്റേതെങ്കിലും സംസ്ഥാനം ഉപയോഗിക്കുന്നുണ്ടോ;<br><br>(ഡി) എങ്കിൽ ഇവ തടയാനും സംസ്ഥാനത്തിനുള്ള ജലം നേടിയെടുക്കാനും എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി)<br>&<br>(ഡി) | കാവേരി നദീതടത്തിലെ മേൽകരയിലുള്ള സംസ്ഥാനമായതിനാൽ കേരളം ഉപയോഗിച്ചതിനുശേഷമുള്ള ജലം തമിഴ്നാട്ടിലേക്ക് ഒഴുകി പോകുന്നുണ്ട്. |

| | | |
|---|---|---|
| (ഇ) പാമ്പാർ, ഭവാനി, കബനി എന്നീ നദികളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം എത്ര വർഷമായി ലഭിക്കുന്നില്ല;<br><br>(എഫ്) പ്രസ്തുത നഷ്ടം മറ്റെന്തെങ്കിലും മാർഗ്ഗം വഴി നേടിയെടുക്കുന്നതിനായി ഒരു പഠനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഇ)<br>&<br>(എഫ്) | കേരളത്തിൽ കൂടി ഒഴുകുന്ന കാവേരിയുടെ പോഷകനദികളായ കബനി, ഭവാനി, പാമ്പാർ എന്നിവയുടെ നദീതടങ്ങൾക്കായി കാവേരി നദീജല തർക്ക ട്രൈബ്യൂണൽ 05.02.2007-ൽ പുറപ്പെടുവിച്ച വിധിപ്രകാരം, 21, 6, 3 ടി.എം.സി വീതം ജലം അനുവദിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന്റെ അന്തിമവിധി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടില്ല. ആകെ ലഭിച്ച 30 ടി.എം.സി ജലം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.<br><br>പദ്ധതികൾ തീരുന്നമുറയ്ക്ക് പ്രസ്തുത ജലം ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ ഒരു പഠനം നടത്തുന്ന കാര്യം പരിഗണനയിലില്ല. |
| (ജി) പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം ജലം ലഭിച്ചാൽ വേനൽ ചൂടിൽ നിന്നും പാലക്കാടൻ മേഖലയെ സംരക്ഷിക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ഇല്ല. പി.എ.പി കരാർ പ്രകാരം ജലം കൃത്യമായി ലഭിച്ചിട്ടില്ലാത്തതിനാൽ പാലക്കാടിന്റെ കിഴക്കൻ മേഖലയിൽ കടുത്ത വരൾച്ച അനുഭവപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എച്ച്) എങ്കിൽ പ്രസ്തുത ജലം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (എച്ച്) | പി.എ.പി കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിലും സംസ്ഥാന ജലവിഭവ മന്ത്രി, മുഖ്യമന്ത്രി എന്നീ തലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കരാർ പ്രകാരമുള്ള ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ തമിഴ്നാടിനെതിരെ ബഹു.സുപ്രീം കോടതിയെ സമീപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 30.01.2013-ൽ ചേർന്ന സർവ്വ കക്ഷി യോഗത്തിലെ തീരുമാനം അനുസരിച്ച് ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ തലത്തിൽ ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ